**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക സർവ്വകലാശാലയിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത, ക്ഷാമാശ്വാസം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കാർഷിക സർവകലാശാലയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ക്ഷാമബത്തയും ക്ഷാമാശ്വാസവുമാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ; | (എ) | കേരള കാർഷിക സർവകലാശാലയിലെ ജീവനക്കാർക്കും, ജീവനക്കാരുടെ വിഭാഗത്തിലെ പെൻഷൻകാർക്കും - 15% വീതവും അധ്യാപകർക്കും, അധ്യാപക വിഭാഗത്തിലെ പെൻഷൻകാർക്കും - 38% വീതവും ക്ഷാമബത്തയും ക്ഷാമാശ്വാസവുമാണ് നൽകി വരുന്നത്. |
| (ബി) | സ.ഉ.(അച്ചടി) നം. 105/2025/ഫിൻ തീയതി 25/08/2025 പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്തയും ക്ഷാമാശ്വാസവും കാർഷിക സർവകലാശാല ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കേരള കാർഷിക സർവകലാശാലയിലെ തൊഴിലാളി വിഭാഗത്തിനും പെൻഷനായ തൊഴിലാളികൾക്കും സർവകലാശാല ഭരണസമിതിയുടെ സാധൂകരണത്തിന് വിധേയമായി വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ക്ഷാമബത്ത/ക്ഷാമാശ്വാസം നടപ്പിലാക്കി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി ക്ഷാമബത്ത ഇനത്തിൽ 12,80,076/- രൂപയുടെയും ക്ഷാമാശ്വാസം ഇനത്തിൽ 7,00,451/- രൂപയുടെയും പ്രതിമാസ അധിക ബാധ്യത വരുന്നുണ്ട്.<br>ജീവനക്കാർ, അധ്യാപകർ, പെൻഷന് അർഹരായ ജീവനക്കാർ/അധ്യാപകർ എന്നിവർക്ക് പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത അനുവദിച്ചിട്ടില്ല ജീവനക്കാർ/ അധ്യാപകർ എന്നിവർക്ക്, പദ്ധതിയേതര വിഹിതത്തിലും ആഭ്യന്തര വരുമാനത്തിലുമുള്ള കുറവ് മൂലം സാമ്പത്തിക ലഭ്യത കുറവായ സാഹചര്യത്തിൽ ഭരണസമിതി അംഗീകാരം ലഭ്യമായ ശേഷം ക്ഷാമബത്ത/ ക്ഷാമാശ്വാസം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച ക്ഷാമബത്ത ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുന്നതിനായി ഏകദേശം 37,59,753/- രൂപയുടെയും ക്ഷാമാശ്വാസ ഇനത്തിൽ 36,83,521/- രൂപയുടെയും പ്രതിമാസ അധിക ബാധ്യത സർവകലാശാലയ്ക്ക് വരുന്നതാണ്. സർവകലാശാല ഭരണസമിതിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക്, ജീവനക്കാർ, അധ്യാപകർ, ജീവനക്കാർ/അധ്യാപകർ വിഭാഗത്തിലെ |

| | | | |
|---|---|---|---|
| | | | പെൻഷൻകാർ എന്നിവർക്ക് ക്ഷാമബത്ത/ ക്ഷാമാശ്വാസം അനുവദിക്കുന്നതാണ്. |
| (സി) | വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്തയും ക്ഷാമാശ്വാസവും കുടിശ്ശികയും എപ്പോൾ അനുവദിക്കുമെന്ന് അറിയിക്കാമോ? | (സി) | സർക്കാർ അനുവദിക്കുന്നമുറയ്ക്ക് കേരള കാർഷിക സർവകലാശാല ഭരണസമിതിയുടെ അംഗീകാരം കൂടി ലഭിച്ചതിന് ശേഷം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ